# നീര ഉൽപ്പാദനം: വിയോജിപ്പുമായി അംഗങ്ങൾ

തിരുവനന്തപുരം: സംസ്ഥാനത്തെ കള്ളുവ്യവസായരംഗത്തെ പ്രതിസന്ധിക്ക് പരിഹാരം നിർദേശിക്കുന്നതിനും നീര ഉൽപ്പാദനം സംബന്ധിച്ച് പ്രായോഗികനിർദേശങ്ങൾ സമർപ്പിക്കുന്നതിനുമായി നിയോഗിച്ച ഉന്നതതല സമിതിയുടെ റിപ്പോർട്ടിൽ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി. കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ എൻ. അഴകേശൻ, കേരള കള്ളുചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ പ്രസിഡന്റ് കെ.എം സുധാകരൻ,

കേരള ചെത്തുതൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി ടി.എൻ രമേശൻ, റ്റോഡി ആന്റ് അബ്കാരി മസ്ദൂർ സംഘ് ജനറൽ സെക്രട്ടറി എം. കെ ഉണ്ണികൃഷ്ണൻ എന്നിവരാണ് എക്സൈസ് കമ്മീഷണർ അനിൽ സേവ്യർ ചെയർമാനായ സമിതിയുടെ റിപോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയത്. സംസ്ഥാനത്ത് നീര ഉൽപ്പാദനം ലാഭകരമാണോയെന്ന് ശാസ്ത്രീയ പഠനം നടത്താതെയാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നതെന്ന് കെ.എം സുധാകരൻ കുറ്റപ്പെടുത്തി.